**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 മാർച്ച് 14 വ്യാഴം**

---

# പ്രവാസി പരാതി പരിഹാരകമ്മറ്റി മാറ്റി

ആലപ്പുഴ: പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ ഇന്ന് (മാർച്ച് 15) നടത്താനിരുന്ന പ്രവാസി പരാതി പരിഹാരകമ്മിറ്റി മാറ്റി വച്ചതായി പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ അറിയിച്ചു. പുതിക്കിയ തീയതി പീന്നിട് അറിയിക്കും.

## പൊതു തിരഞ്ഞെടുപ്പ്: ഉപവരണാധികാരിയായി ചെങ്ങന്നൂർ റവന്യൂ ഡിവിഷണൽ ഓഫീസറെ നിയമിച്ചു

ആലപ്പുഴ: ലോകസഭ തിരഞ്ഞെടുപ്പിന്റെ ഭാഗമായി മാവേലിക്കര സ്ഥാനാർഥികൾ സമർപ്പിക്കുന്ന നാമനിർദ്ദേശ പത്രികകൾ സ്വീകരിക്കുന്നതിന് 110 ചെങ്ങന്നൂർ മണ്ഡലത്തിന്റെ ഉപവരണാധികാരിയായി ചെങ്ങന്നൂർ റവന്യൂ ഡിവിഷണൽ ഓഫീസറെ നിയമിച്ചു. നാമനിർദ്ദേശ പത്രികകൾ ചെങ്ങന്നൂർ റവന്യൂ ഡിവിഷണൽ ഓഫീസർ പരിശോധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്ന് ജില്ല തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

## പെരുമാറ്റച്ചട്ടം: ഇളവുകൾക്ക് വകുപ്പ് സെക്രട്ടറിമാരുമായി ബന്ധപ്പെടണം

ആലപ്പുഴ: ജില്ലയിലെ വിവിധ വകുപ്പ് ഉദ്യോഗസ്ഥരും, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ മേധാവികളും തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിൽ ഇളവ് ആവശ്യപ്പെട്ട് ധാരാളം കത്തുകൾ ജില്ല ഭരണകൂടത്തിന് അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാർച്ച് 10 മുതൽ തിരഞ്ഞെടുപ്പ് പ്രക്രിയ അവസാനിക്കുന്നതുവരെ പെരുമാറ്റച്ചട്ടം തിരഞ്ഞെടുപ്പ് കമ്മീഷൻ ബാധകമാക്കിയിട്ടുണ്ട്. ഈ കാലയളവിൽ ഏതെല്ലാം കാര്യങ്ങൾ ചെയ്യാമെന്നും പാടില്ലെന്നും ഇലക്ഷൻ കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനുവേണ്ടി ഇലക്ഷൻ കമ്മീഷന്റെ വെബ്സൈറ്റ് പരിശോധിക്കാവുന്നതാണ്.(ഇമെയിൽ : decss@eci.gov.in വെബ്സൈറ്റ് www.eci.nic.in)ഏതെങ്കിലും ഫയലിന്റെ കാര്യത്തിൽ ഇളവ് ആവശ്യമാണെങ്കിൽ

വിശദീകരണവും ബന്ധപ്പെട്ട കാര്യങ്ങളും അതത് വകുപ്പ് സെക്രട്ടറിമാർക്ക് നൽകണമെന്ന് ജില്ല തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

# നിയമ നടപടികൾ സ്വീകരിക്കും

ആലപ്പുഴ: പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ പൊതുനിരത്തുകളിൽ ഫ്ളക്സ്, ബോർഡ്, ബാനർ, ഹോർഡിംഗ്സുകൾ, കോടിതോരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

# കെട്ടിട നികുതി മാർച്ച് 30നകം അടക്കണം

ആലപ്പുഴ: പുറക്കാട് ഗ്രാമപഞ്ചായത്താഫീസിൽ അടക്കേണ്ട കെട്ടിട നികുതി പിഴ പലിശ ഇല്ലാതെ എല്ലാ നികുതിദായകരും മാർച്ച് 30നകം അടക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

# ലേലം ചെയ്യും

ലേലം: ഇലപ്പിക്കുളം കെ.കെ.എം.ഗവ. ഹൈസ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മുന്നോടിയായി പഴയ കെട്ടിടങ്ങൾ മാർച്ച് 29ന് രാവിലെ 11ന് സ്കൂൾ ഓഡിറ്റോറിയത്തിൽ ലേലം ചെയ്യും. ഫോൺ: 0479-2335263, 9495977723.

# ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിലെ ആവശ്യത്തിനായി ബാക്ക് റെസ്റ്റ് (അയൺ)-അഞ്ചെണ്ണം, സ്ക്രീൻ ത്രീ ഫോൾഡ്-മൂന്നെണ്ണം, ത്രീ വേ എക്സ്റ്റൻഷൻ 100 സി.എം-1000 എണ്ണം വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ മാർച്ച് 22ന് ഉച്ചകഴിഞ്ഞ് മൂന്നിനകം സൂപ്രണ്ട്, മെഡിക്കൽ കോളജ് ആശുപത്രി, വണ്ടാനം, ആലപ്പുഴ എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരം ഓഫീസിൽനിന്ന് പ്രവർത്തി സമയങ്ങളിൽ ലഭിക്കും.